LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2011-12 സാമ്പത്തിക വർഷം 1582.14 കോടി രൂപയും 2012-13 സാമ്പത്തിക വർഷം 2217.12 കോടി രൂപയും,2013-14 സാമ്പത്തിക വർഷം 1426.37 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം ഇതുവരെയായി 1039.15 കോടി രൂപയുടെ ബില്ലുകൾ കൊടുത്തുതീർക്കുന്നതിനുള്ള ലെറ്റർ ഓഫ് ക്രെഡിറ്റ് അനുവദിച്ചിട്ടുണ്ട്. കരാറുകാർ നിർമ്മാണപ്രവൃത്തികൾ നിർത്തി വച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നടപ്പ് സാമ്പത്തിക വർഷം ഭരണാനുമതി നൽകുന്നതിൽ ബോധപൂർവ്വം കാലതാമസം വരുത്തിയിട്ടില്ല.

(സി) എം.എൽ.എ. മാർ നിർദ്ദേശിക്കുന്നതനുസരിച്ച് ഭരണ വകുപ്പ് ശിപാർശ ചെയ്യുന്നതും മാർഗ്ഗ നിർദ്ദേശങ്ങൾ അനുശാസിക്കുംവിധം സമർപ്പിക്കുന്നതുമായ പ്രവൃത്തി നിർദ്ദേശങ്ങൾക്ക് കാലതാമസം വരാതെ ക്ലിയറൻസ് നൽകാറുണ്ട്.

ഉപധനാഭ്യർത്ഥനകൾവഴി ലഭിച്ച തുക ചെലവഴിക്കാൻ സാധിക്കാത്ത വകുപ്പുകൾ

211 (551) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ സാമ്പത്തിക വർഷവും നിയമസഭ പാസ്സാക്കിയ ഉപധനാഭ്യർത്ഥനവഴി ഓരോ വകുപ്പിനും ലഭിച്ച തുകയിൽ നാളിതുവരെ ചെലവഴിക്കാൻ കഴിയാതെ പോയിട്ടുള്ളവ ഏതൊക്കെയാണെന്നതിന്റെ വിശദാംശങ്ങൾ വകുപ്പ് തിരിച്ച് വിശദമാക്കാമോ ;

(ബി) ഉപധനാഭ്യർത്ഥനകൾവഴി ഏതെങ്കിലും വകുപ്പിന് ലഭിച്ച തുക അനുവദിച്ചുകിട്ടിയ വർഷംതന്നെ ചെലവഴിക്കാൻ സാധിക്കാതെ വന്നിട്ടുണ്ടെങ്കിൽ അവ ഏതൊക്കെയാണെന്നും ചെലവഴിക്കാതിരിക്കാൻ കാരണം എന്തായിരുന്നുവെന്നും വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ ;

ഉത്തരം

(എ&ബി) ബഡ്ജറ്റിൽ തുക വകയിരുത്തുന്നത് ധനാഭ്യർത്ഥനയുടെ അടിസ്ഥാനത്തിലാണ്. ആയതിനാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ സാമ്പത്തിക വർഷവും നിയമസഭ പാസ്സാക്കിയ ഉപധനാഭ്യർത്ഥനകൾവഴി ഓരോ വകുപ്പിനും ലഭിച്ച തുകയിൽ നാളിതുവരെ ചെലവഴിക്കാൻ കഴിയാത്തതിന്റെ വിശദാംശങ്ങൾ വകുപ്പുകളിൽനിന്നും ശേഖരിച്ചുവരുന്നു.